കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - **ബഡ്ജറ്റ് 2022 - 23** - തിരുവനന്തപുരം വർക്കല നിയേജകമണ്ഡലത്തിലെ 11 പ്രവൃത്തികളിൽ ഉൾപ്പെട്ട നാവായിക്കുളം ഗ്രാമ പഞ്ചായത്തിലെ **"പായ് വേലിക്കോണം വടക്കേവയൽ റോഡ്"**-50 ലക്ഷം (അൻപത് ലക്ഷം രൂപ മാത്രം) എന്ന പ്രവൃത്തി റദ്ദ് ചെയ്ത് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1830/2025/LSGD തീയതി,തിരുവനന്തപുരം, 25-07-2025

---

പരാമർശം:-
1. സ.ഉ.(സാധാ.) നം.125/2023/ത.സ്വ.ഭ.വ. തീയതി 16.01.2023
2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.05.2025-ലെ LSGD/PD/14378/2025-DB1-നമ്പർ കത്ത്.

ഉത്തരവ്

2022 - 23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ആയി ഉൾപ്പെട്ടിരുന്ന തിരുവനന്തപുരം, വർക്കല നിയോജക മണ്ഡലത്തിലെ 11 റോഡുകൾക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തികളിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയായ നാവായിക്കുളം ഗ്രാമ പഞ്ചായത്തിലെ **"പായ് വേലിക്കോണം വടക്കേവയൽ റോഡ് (50 ലക്ഷം)** എന്ന പ്രവൃത്തി ഏറ്റെടുക്കാൻ ഇതുവരെ കരാറുകാരൊന്നും വന്നില്ലായെന്നും അതിനാൽ ടി പ്രവൃത്തിക്കു പകരമായി ടി റോഡിനേക്കാൾ സഞ്ചാര യോഗ്യമല്ലാത്ത നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ **"നക്രംകോണം കടവൂർ എം.എൽ.പി.എസ്. റോഡ്"** ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് ബഹു.എം.എൽ.എ. കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ **"പായ് വേലിക്കോണം വടക്കേവയൽ റോഡ്"**എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തും നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ തന്നെ **"നക്രംകോണം കടവൂർ എം.എൽ.പി.എസ്. റോഡ്"** എന്ന പ്രവൃത്തി ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുതി നൽകണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2022 - 23- സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ആയി ഉൾപ്പെട്ടിരുന്ന തിരുവനന്തപുരം, വർക്കല നിയോജക മണ്ഡലത്തിലെ 11 റോഡുകൾക്ക് ഭരണാനുമതി നൽകിയ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ടി ഉത്തരവിൽ ക്രമ നമ്പർ 7-ആയി പരാമർശിച്ചിരിക്കുന്ന നാവായിക്കുളം ഗ്രാമ പഞ്ചായത്തിലെ **"പായ് വേലിക്കോണം വടക്കേവയൽ റോഡ്** (50 ലക്ഷം)- എന്ന പ്രവൃത്തി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

3) പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ അപ്രകാരം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(E:2157158/DEV-3/174/2022-Fin dated 09.07.2025)
കരുതൽ ഫയൽ. (DB2/284/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25-07-2025 17:16:33
സെക്ഷൻ ഓഫീസർ